# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.444 | | 16.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **അജൈവ മാലിന്യ പരിപാലന പരിപാടികൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീമതി.സി.കെ. ആശ**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.എൽദോ എബ്രഹാം** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അജൈവ മാലിന്യ പരിപാലന പരിപാടികൾ സംബന്ധിച്ച് വിശദീകരിക്കുമോ; | (എ) | അജൈവമാലിന്യത്തിന്റെ ശേഖരണം, തരംതിരിക്കൽ, താത്കാലികമായി സംഭരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററുകൾ സ്ഥാപിക്കൽ, റീസൈക്ലിംഗിനായി കൈമാറ്റം എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അജൈവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ. |
| (ബി) | അജൈവ വസ്തുക്കൾ തരംതിരിക്കുന്നതിനും പുനചംക്രമണത്തിന് കൈമാറുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) കൾ വ്യാപകമായി സ്ഥാപിക്കുന്നതിന് തയ്യാറാകുമോ; | (ബി) | അജൈവ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവ് നടത്തി റീ-സൈക്ളിംഗിനായി കൈമാറ്റം ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) കേന്ദ്രം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നിന് നടപടി സ്വീകരിക്കണമെന്ന് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിരൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്ലാസ്റ്റിക് മാലിന്യത്തിന്റെ വ്യാപനം കണക്കിലെടുത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ പ്രോത്സാഹനം നൽകുമോ? | (സി) | എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ